<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4351

28.06.2012- ലെ മറുപടിക്ക്

## മൂല്യവർദ്ധിത കയർ ഉത്പന്നങ്ങൾ

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>,, റ്റി. യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. അടൂർ പ്രകാശ്<br><u>(റവന്യൂവും കയറും വകുപ്പ് മന്ത്രി)</u> |
| മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിച്ച് കയർ ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് വിശദീകരിക്കുമോ? | • മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ മെത്തകൾ, ചകിരിച്ചോർ ഉപയോഗിച്ചുള്ള ചെരുപ്പുകൾ, ചകിരിച്ചോറിൽ നിന്നും വേർതിരിച്ചെടുക്കുന്ന വളങ്ങൾ എന്നിവ മാർക്കറ്റിലിറക്കാൻ ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് നടപടി സ്വീകരിച്ചു വരുന്നു.<br>• കയർ കോംപസിറ്റ് ബോർഡ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ഫോംമാറ്റിംഗ്സിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ പൂർത്തിയായി വരുന്നു.<br>• പ്രാദേശികമായി ലഭ്യമാകുന്ന തൊണ്ടുകൾ സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി കയർ കോർപ്പറേഷൻ ബേപ്പൂർ ഡിവിഷനിൽ ആധുനിക ഡീഫൈബറിംഗ് യന്ത്രങ്ങൾ സ്ഥാപിച്ച് ചകിരി ഉല്പ്പാദനം നടത്തി വരുന്നു. ഇതോടനുബന്ധിച്ച് ഉണ്ടാകുന്ന പിത്തിൽ നിന്ന് പിത്ത് ബ്ലോക്കുകൾ ഉണ്ടാക്കാനുള്ള മെഷീനുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഗുണമേന്മ ഉറപ്പ് വരുത്തികൊണ്ടുള്ള കയർ |

| | |
|---|---|
| | ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി കയർ കോർപ്പറേഷന്റെ കണിച്ചുകുളങ്ങരയിലുള്ള കയർ പാർക്ക് 2-ൽ ഉള്ള ബ്ലെൻഡഡ് യാൺ ഡിവിഷനിൽ ആധുനിക കയർപിരി യന്ത്രങ്ങൾ സ്ഥാപിച്ച് കയർ ഉൽപ്പാദനം നടത്തിവരുന്നു.<br>• മൂല്യവർദ്ധിത കയർ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുതകുന്ന തരത്തിൽ ഇറക്കുമതി ചെയ്ത യന്ത്രം ഉപയോഗിച്ച് ടഫ്റ്റഡ് മാറ്റുകളുടേയും ചകിരി മെത്തയുടേയും ഉൽപ്പാദനം, കിൻഫ്രാ പാർക്ക് അടൂരിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>• കയർ കോർപ്പറേഷൻ ഹെഡ് ഓഫീസിൽ റബ്ബർ മോൾഡഡ് മാറ്റുകളുടെ ഉൽപ്പാദനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടു ണ്ട്.<br>• കയർഫെഡിന്റെ നേതൃത്വത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ